ക്ലാസ്സ്
9

മതബോധനകേന്ദ്രം
മാനന്തവാടി രൂപത
First Semester Examination 2026-27

ആകെ മാർക്ക് : 80
പാർട്ട് 1 : 60
പാർട്ട് 2 : 20
സമയം : 2 മണിക്കൂർ

പാർട്ട് 1

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. **5×1=5**

1. "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം." ഈ വചനത്താൽ പ്രേരിതനായി ആത്മാക്കളെ രക്ഷിച്ച വിശുദ്ധൻ?

   (വി. ഫ്രാൻസിസ് സേവ്യർ, വി. ഫ്രാൻസിസ് അസ്സീസി, വി. അഗസ്തീനോസ്)

2. വി. കുർബാനയുടെ പാപമോചകസ്വഭാവം വ്യക്തമാക്കുന്ന ഒരു കർമ്മമാണ് .....

   (വിഭജന ശുശ്രൂഷ, അനുരഞ്ജന ശുശ്രൂഷ, ദൈവൈക്യ ശുശ്രൂഷ)

3. ലോകത്തെയും അതിലുള്ള സകലത്തേയും കനിവോടെ സൃഷ്ടിച്ച ദൈവത്തിന് കൃതജ്ഞത അർപ്പിക്കുകയാണ് .....

   (മൂന്നാം പ്രണാമജപം, നാലാം പ്രണാമജപം, രണ്ടാം പ്രണാമജപം)

4. ഇസ്രായേൽക്കാരുടെ മതാത്മകജീവിതത്തിന്റെ ഹൃദയതുടിപ്പുകളാണ് .....

   (ഉത്ഥാനഗീതം, സങ്കീർത്തനങ്ങൾ, കാർമ്മികന്റെ പ്രാർത്ഥനകൾ)

5. ദൈവോന്മുഖവും പരോന്മുഖവുമായ ജീവിതത്തിന് ഊർജം നൽകുന്ന ശക്തി സ്രോതസ്സാണ് .....

   (വി. കുർബാന, വി. കുമ്പസാരം, സ്ഥൈര്യലേപനം)

പൂരിപ്പിക്കുക. **5×1=5**

6. കാപ്പയുടെ നിറത്തിൽ ചതുരാകൃതിയിലുള്ള തിരുവസ്ത്രമാണ് .....
7. ദൈവാരാധനയിൽ കൂടുതൽ ഉപയോഗിക്കപ്പെടുന്ന അടയാളങ്ങളാണ് .....
8. "ദൈവമേ, അങ്ങു മനുഷ്യനെ അങ്ങേയ്ക്കായി സൃഷ്ടിച്ചു. അങ്ങയിൽ എത്തിച്ചേരുന്നതുവരെ മനുഷ്യഹൃദയം അസ്വസ്ഥമായിരിക്കും." ആരുടെ വാക്കുകൾ .....
9. ശുദ്ധതയുടെയും ശുശ്രൂഷയുടെയും പ്രതീകമാണ് .....
10. ദൈവവചനത്തിന്റെ വ്യാഖ്യാനമാണ് .....

താഴെക്കൊടുത്തിരിക്കുന്ന പദങ്ങളെ ഉചിതമായി ചേർത്തെഴുതുക. **5×1=5**

11.	ലെയ്ത്തൂർഗിയ	–	ബേമ്മ
12.	വചനവേദി	–	പൊതുപ്രവൃത്തി
13.	ക്രൂസ്	–	അനുസ്മരണ പ്രാർത്ഥന
14.	ഡിപ്റ്റിക്സ്	–	പൈന
15.	നീതിയുടെ വസ്ത്രം	–	കുരിശ്

വചനം പൂർത്തിയാക്കുക. **3×1=3**

16. "നിങ്ങളുടെ ശരീരങ്ങളെ ..... ദൈവത്തിന് ..... സജീവബലിയായി സമർപ്പിക്കുവിൻ, ഇതായാരിക്കണം നിങ്ങളുടെ യഥാർത്ഥമായ ....."

ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **7×2=14**

17. അദൃശ്യനായ ദൈവത്തെ അനുഭവിക്കാൻ നമ്മെ സഹായിക്കുന്ന മാധ്യമങ്ങളായി നിലകൊള്ളുന്നതെന്തൊക്കെ?
18. ദൈവൈക്യ ശുശ്രൂഷയുടെ പ്രധാന ഘടകമെന്ത്?

19. വി. കുർബാനയിൽ സംബന്ധിക്കുന്നവർ ദിവ്യകാരുണ്യം സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെന്ത്?

20. സീറോ മലബാർ സഭയിലെ വി. കുർബാനയുടെ മൂന്നുരൂപങ്ങളിൽ രണ്ടെണ്ണമെഴുതുക.

21. വി. കുർബാനയിലെ അനാഫൊറയിൽ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നതെന്ത്?

22. ദൈവാരാധനയിൽ ഉപയോഗിക്കുന്ന വസ്തുക്കളെ രണ്ടായി തിരിച്ചിട്ടുണ്ട്. ഏവ?

23. വചന ശുശ്രൂഷയിലെ ത്രൈശുദ്ധ കീർത്തനത്തിലെ ആദ്യഭാഗം എന്ത്?

മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **4×4=16**

24. ആത്മാവിലും സത്യത്തിലും ആരാധനയർപ്പിക്കേണ്ടത് എങ്ങനെയെന്നാണ് ഈശോ പഠിപ്പിച്ചത്?

25. അനാഫൊറയിലെ പ്രാർത്ഥനാവ്യത്തത്തിലെ നാലുഘടകങ്ങളേവ?

26. ഉത്ഥാനഗീതം നമ്മെ അനുസ്മരിപ്പിക്കുന്നതെന്ത്?

27. ദൈവാരാധനയിൽ സ്ലീവ എന്തിന്റെയൊക്കെ പ്രതീകമാണ്?

ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക. **1×5=5**

28. "അടയാളങ്ങളും പ്രതീകങ്ങളും ആരാധനക്രമത്തിൽ"

വിശദീകരിച്ച് ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. **1×7=7**

29. വി. കുർബാനയിലെ വചനശുശ്രൂഷ ഈശോയെ തിരിച്ചറിയുന്നതിനും അനുഭവിക്കുന്നതിനും നമ്മെ ഒരുക്കുന്നു. വിശദീകരിക്കുക.

അല്ലെങ്കിൽ

ക്രൈസ്തവജീവിതത്തിൽ ദൈവവചനത്തിനുള്ള പ്രധാന്യം വിശദമാക്കുക.

പാർട്ട് 2

ഒറ്റവാക്കിൽ ഉത്തരമെഴുതുക. **5×1=5**

30. വ്യക്തി സഭയുടെ തലവൻ?

31. പാശ്ചാത്യസഭയിലെ ഏറ്റവും പ്രധാനപ്പെട്ട ചരിത്രകാരൻ?

32. പൗരസ്ത്യ സുറിയാനി സഭയുടെ മറ്റൊരു പേര്?

33. ലത്തീൻ സഭ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വിശ്വാസികളുള്ള പൗരസ്ത്യസഭ?

34. വി. മദർ തെരേസയുടെ തിരുനാൾദിനം?

ഉത്തരമെഴുതുക.

35. കുട്ടികളോടുള്ള വി. കുര്യാക്കോസ് ഏലിയാസ് ചാവറയച്ചന്റെ ഒരു സ്നേഹസന്ദേശമെഴുതുക. **2**

36. വി. എവുപ്രാസ്യായുടെ ഒരു പുണ്യവചനമെഴുതുക. **2**

37. 'പൈതൽ ഊട്ട്' എന്താണെന്ന് എഴുതുക. **2**

38. നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ മൂന്നെണ്ണം എഴുതുക. **3**

39. ദുഃഖത്തിന്റെ നാലാം രഹസ്യം എഴുതുക. **3**

40. 'സമുദായം' എന്നാലെന്ത്? നമ്മുടെ സമുദായമേത്? **3**